ഡയറിഫാം.

ഒ൯൯. [൯൦] ശ്രീ. സി. പി. ശ്രീവല്ലഭമേനോ൯ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര ഡയറിഫാം ഉണ്ട്; ആരുടെയെല്ലാം പേരിൽ;

(ബി) ഇതിലെല്ലാംകൂടി പ്രതിവർഷം എത്ര പാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്?

(സി) ഈ ഡയറിഫാമുകൾ വ്യക്തികൾ നടത്തുന്നവ; കമ്പനിയോ;

(ഡി) ഓരോന്നിനും ശരാശരി എന്താദായമുണ്ട്?

ഉത്തരം.

(എ) പ്രധാനമായി ൭ എണ്ണം. ഇതിൽ രണ്ടെണ്ണം ഗവണ്മെന്റ വകയാണ്. മറ്റുള്ളവയുടെ ഉടമസ്ഥന്മാർ ആരാണെന്ന നിശ്ചയമില്ല.

(ബി) ഉല്ലുക്കരെയുള്ള ഗവണ്മെന്റ ഫാമത്തിൽനിന്ന പ്രതിവർഷം ഏകദേശം ൧,൫ ൫,൦൦൦ പൗണ്ട പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൊടപ്പനക്കുന്നിലുള്ള ഫാമം തുടങ്ങിയതു ൧൯൫൫-൫൬-ൽ ആണ്. അവിടെനിന്ന ദിവസംതോറും ഉദ്ദേശം ൨൨൦ പൗണ്ട പാൽ കിട്ടിവരുന്നു. പ്രൈവറ്റ ഡയറികളിലെ ഉൽപ്പാദനം സംബന്ധിച്ചുള്ള വിവരങ്ങൾ ഗവണ്മെന്റിന്റെ പക്കലില്ല.

(സി) രണ്ടെണ്ണം ഗവണ്മെന്റ് വകയാണ്. ബാക്കി ഉള്ളവയുടെ കാര്യം നിശ്ചയമില്ല.

(ഡി) ഗവണ്മെന്റ ഫാമങ്ങൾ നടത്തുന്നതു് ആദായത്തെ ഉദ്ദേശിച്ചല്ല. അതുകൊണ്ട് പ്രത്യേക ലാഭനഷ്ടക്കണക്കുകൾ സൂക്ഷിച്ചിട്ടില്ല. പ്രൈവറ്റ ഡയറികളുടെ ആദായത്തെപ്പറ്റി ഗവണ്മെന്റിന് വിവരങ്ങളൊന്നുമില്ല.

## UNSTARRED QUESTIONS POSTED FOR ANSWERS ON 13-3-1953.

ദേവസ്വം ഭൂമി.

ഒ൯൮. [൫൯] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോ൯ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ വിഭാഗത്തിൽ എതെങ്കിലും ദേവസ്വം ഭൂമികളെ അടിസ്ഥാനനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;



LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവല്ലാ താലൂക്കിൽപ്പെട്ട പനയന്നാർ,കാവ് ദേവസ്വം വക ഭൂമിയിൽനിന്നു നികുതി വസൂലാക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ;

(ഇ) ഈ നികുതി ആരാണ് അടയ്ക്കുന്നത്?

ഉത്തരം.

(എ) ഇല്ലാ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) [illegible] മുതൽ

(ഇ) പനയന്നാർ കാവ് ദേവസ്വം സന്നിധി.

## Vennikulam Primary School.

535. [19] **Shri O. C. Ninan :** Will the Minister for Education be pleased to state ;

(*a*) which is the building where the Vennikulam Assistant Inspector's Office is housed ;

(*b*) for what purpose that building and site was used previously ; and

(*c*) how did Government get the site and building ?

## Answer.

(*a*) The building of the defunct Venniculam Malayalam Middle School for Girls.

(*b*) That was previously used to house the Venniculam Malayalam School for Girls.

(*c*) The site and building were donated to Government by the public of the place.

സഹകരണസംഘങ്ങൾ.

* ൫൬൭. [൨൯] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്കസമുദായോദ്ധാരണഡിപ്പാർട്ട്മെൻറുമുഖേന പട്ടികജാതിക്കാർക്കുവേണ്ടി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly